"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - കേരളമീഡിയ അക്കാദമിയിൽ അന്യത്ര സേവനവ്യവസ്ഥയിൽ സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന വിവരപൊതുജന സമ്പർക്ക വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ അനിൽ ഭാസ്കർ - ന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1058/2025/GAD തീയതി,തിരുവനന്തപുരം, 10-03-2025

---

പരാമർശം:-
1. 27/09/2023 - ലെ സ.ഉ. (സാധാ) നം. 4404/2023/പൊഭവ നമ്പർ ഉത്തരവ്.
2. 06.10.2023 - ലെ സ.ഉ. (സാധാ) നം. 4525/2023/പൊഭവ നമ്പർ ഉത്തരവ്.
3. 30.10.2024 - ലെ സ.ഉ. (സാധാ) നം. 4827/2024/പൊഭവ നമ്പർ ഉത്തരവ്
4. ശ്രീ. അനിൽഭാസ്കർ സമർപ്പിച്ച 14.02.2025 - ലെ നിവേദനം.

**ഉത്തരവ്**

വിവരപൊതുജന സമ്പർക്ക വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. അനിൽ ഭാസ്കർ - നെ പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം കേരള മീഡിയ അക്കാദമി സെക്രട്ടറി തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ആയതിൻ പ്രകാരം ശ്രീ. അനിൽ ഭാസ്കർ 09.10.2023 പൂർവ്വാഹ്നം പ്രാബല്യത്തിൽ മീഡിയ അക്കാഡമി സെക്രട്ടറിയായി ചുമതലയേറ്റിരുന്നു. തുടർന്ന്, ടിയാളുടെ തസ്തികയിലുള്ള അന്യത്രസേവനകാലാവധി 08/10/2024-നു ഒരു വർഷം പൂർത്തിയാകുന്നതിനാൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിനുള്ള ശിപാർശ വിവരപൊതുജന സമ്പർക്ക വകുപ്പ് ലഭ്യമാക്കിയിരിക്കുന്നു. പ്രസ്തുത ശിപാർശ പരിഗണിച്ച്, ശ്രീ അനിൽ ഭാസ്കർ - ന്റെ മീഡിയ അക്കാദമി സെക്രട്ടറി തസ്തികയിലുള്ള അന്യത്രസേവന കാലാവധി 09.10.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി (2-ാം തവണ) ദീർഘിപ്പിച്ചുനൽകിയിരുന്നു.

(2) കണ്ണൂർ മേഖലാ ഡെപ്യൂട്ടി ഡയറക്ടറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. അനിൽഭാസ്കർ പരാമർശം (1) (2) പ്രകാരം 03.10.2023 അപരാഹ്നം പ്രാബല്യത്തിൽ പ്രസ്തുത ഓഫീസിൽ നിന്നും വിടുതൽ ചെയ്യുകയും അനുവദനീയമായ പ്രവേശന കാലയളവ് എടുത്തശേഷം 09.10.2023 ന് കേരള മീഡിയ അക്കാദമി സെക്രട്ടറിയായി അന്യത്രസേവനവ്യവസ്ഥയിൽ ചുമതല ഏറ്റെടുക്കുകയായിരുന്നുവെന്നും, അതിന്റെയടിസ്ഥാനത്തിൽ, 04.10.2024 പ്രാബല്യത്തിലാണ് അന്യത്രസേവന കാലവാധി ദീർഘിപ്പിക്കേണ്ടിയിരുന്നതെന്നും അതിനാൽ ടി അന്യത്രസേവനകാലാവധി 04.10.2024 പൂർവ്വാഹ്നം ആരംഭിക്കുന്ന വിധത്തിൽ പരാമർശം (3) ഉത്തരവ് പരിഷ്കരിക്കണമെന്നും ശ്രീ

അനിൽ ഭാസ്കർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരളമീഡിയ അക്കാദമി സെക്രട്ടറി തസ്തികയിൽ അന്യത്ര സേവനമനുഷ്ഠിക്കുന്ന വിവരപൊതുജന സമ്പർക്ക വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ അനിൽ ഭാസ്കർ - ന്റെ പ്രസ്തുത തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകിയ പരാമൽശം (3) ഉത്തരവിലെ രണ്ടാം ഖണ്ഡികയിലെ തീയതി '09.10.2024' എന്നത് '04.10.2024' എന്നാക്കി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) മേൽ ഭേദഗതിയോടെ പരാമർശം (3) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
ശ്രീ. അനിൽഭാസ്കർ, ഡെപ്യൂട്ടി ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, (വിവര പൊതുജന സമ്പർക്ക വകുപ്പ് മുഖേന)
സെക്രട്ടറി കേരള മീഡിയ അക്കാദമി, കാക്കനാട്, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ&ഇ), കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, എറണാകുളം
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 11-03-2025 08:58:50
സെക്ഷൻ ഓഫീസർ